മലയാള മനോരമ

13 October 2023

## വിത്തുകൾ പുതുതലമുറയ്ക്ക് കൈമാറാനുള്ള നന്മ: ചെറുവയൽ രാമൻ

കൊച്ചി ● പ്രകൃതിയുടെ വരദാനമായ വിത്തുകൾ വിൽക്കാനുള്ളതല്ല, തലമുറകൾക്കു കൈമാറാനുള്ള നന്മയാണെന്ന് പത്മശ്രീ ജേതാവും പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷകനുമായ ചെറുവയൽ രാമൻ. പരമ്പരാഗത ഇനങ്ങൾ ഉൾപ്പെടെ അറുപതോളം നെൽവിത്തുകൾ താൻ സംരക്ഷിക്കുന്നുണ്ടെന്ന് അഗ്രികൾചറൽ സയൻസ് കോൺഗ്രസിലെ കർഷക സംഗമത്തിൽ രാമൻ പറഞ്ഞു. കൃഷി ചെയ്തു പകരം വിത്തു നൽകണമെന്ന വ്യവസ്ഥയിൽ ആവശ്യക്കാർക്കു സൗജന്യമായാണു കൈമാറുന്നത്. 154 വർഷം പഴക്കമുള്ള പുൽക്കുടിലിലാണ് ഇപ്പോഴും താമസമെന്നും അദ്ദേഹം പറഞ്ഞു. കാർഷിക മേഖലയിൽ നിന്നുള്ള പത്മശ്രീ ജേതാക്കളുടെ സംഗമ വേദി കൂടിയായി അഗ്രികൾചറൽ സയൻസ് കോൺഗ്രസിലെ കർഷക സംഗമം.

പത്മ പുരസ്കാര ജേതാക്കളായ ഉത്തർപ്രദേശിൽ നിന്നുള്ള സേത്പാൽ സിങ്, ചന്ദ്രശേഖർ സിങ്, ഒഡീഷയിൽ നിന്നുള്ള സബർമതി ടിക്കി, ബട്ട കൃഷ്ണ സാഹു എന്നിവരും അനുഭവങ്ങളും നിർദേശങ്ങളും പങ്കുവച്ചു. കാർഷികമേഖലയിൽ സ്ത്രീസൗഹൃദമായ യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിക്കണമെന്ന് സബർമതി ടിക്കി ആവശ്യപ്പെട്ടു. കർഷകരുടെ നഷ്ടങ്ങളും പ്രതിസന്ധികളും പരിഹരിക്കേണ്ടത് ഉത്തരവാദിത്തമായി കരുതണം. അവർ പറഞ്ഞു. പത്മ ജേതാക്കളായ കർഷകരെ ആദരിച്ചു.



കൊച്ചിയിൽ ദേശീയ അഗ്രിക്കൾചർ സയൻസ് കോൺഗ്രസിൽ നടന്ന പത്മശ്രീ പുരസ്കാര ജേതാക്കളായ കർഷകരുടെ സംഗമത്തിൽ പ്രസംഗിച്ച ശേഷം ഇരിപ്പിടത്തിലേക്ക് മടങ്ങുന്ന ചെറുവയൽ രാമൻ. ബട്ട കൃഷ്ണ സാഹു, ചന്ദ്രശേഖർ സിങ്, സേത്പാൽ സിങ്, സബർമതി ടിക്കി എന്നിവർ സമീപം.

# വിലയിടിവും പ്രതിസന്ധികളും; ചോദ്യങ്ങളുയർത്തി കർഷകർ

**അഗ്രികൾചർ സയൻസ് കോൺഗ്രസ് സമാപനം ഇന്ന്**

കൊച്ചി ● ഉൽപന്നങ്ങളുടെ വിലയിടിവും വിപണിയിലെ പ്രതിസന്ധികളും അഗ്രികൾചർ സയൻസ് കോൺഗ്രസ് വേദിയിൽ ഉന്നയിച്ച് കർഷകർ. കർഷകർക്ക് ഈ സമൂഹത്തിൽ വേണ്ടത്ര മാന്യത കിട്ടുന്നുണ്ടോ എന്ന പൊള്ളിക്കുന്ന ചോദ്യവും കർഷക സംഗമത്തിൽ ഉയർന്നു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇരുനൂറോളം കർഷകർ ശാസ്ത്രജ്ഞരുമായി സംവദിച്ചു. മതിയായ വില ലഭിക്കുന്ന വിധം ഓരോ ഉൽപന്നങ്ങൾക്കും വിപണി ഉറപ്പു വരുത്തണമെന്നു കർഷകർ ആവശ്യപ്പെട്ടു.

പലിശരഹിത വായ്പ നൽകണം. എറണാകുളം ജില്ലയിൽ നെൽകൃഷിക്കു പറ്റിയ സ്ഥലങ്ങൾ തരിശു കിടക്കുന്നത് ഏറ്റെടുത്തു കൃഷി ചെയ്യാൻ നടപടി വേണം, കർഷകർ ആവശ്യപ്പെട്ടു.

റാണി ലക്ഷ്മിഭായി കേന്ദ്ര കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. എ. കെ. സിങ്, തമിഴ്നാട് കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. വി. ഗീതാലക്ഷ്മി എന്നിവർ ചർച്ച നയിച്ചു.

കേരളത്തിനു പുറമേ, ഉത്തർപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, ഒഡീഷ, മധ്യപ്രദേശ്, ത്രിപുര, ഉത്തരാഖണ്ഡ്, ബംഗാൾ, മേഘാലയ, മിസോറം, നാഗാലാൻഡ്, ഗോവ, കർണാടക, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകർ സംഗമത്തിൽ പങ്കെടുത്തു.

നാഷനൽ അക്കാദമിക ഓഫ് അഗ്രികൾചറൽ സയൻസസ് (നാസ്) സംഘടിപ്പിക്കുന്ന പരിപാടിക്ക് സിഎംഎഫ്ആർഐയാണ് ആതിഥ്യം വഹിക്കുന്നത്. ഇന്നു സമാപിക്കും.